# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3095 — 11.12.2014-ന് മറുപടിയ്ക്ക്

## ചിറയിൻകീഴ് താലൂക്ക് ഓഫീസ് ജീവനക്കാരുടെ ടൂർ ടി.എ മാറിയെടുത്ത വിവരം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ചിറയിൻകീഴ് താലൂക്ക് ഓഫീസിലെ ജീവനക്കാരുടെ 5/09 മുതൽ 8/10 വരെയുള്ള ടൂർ.റ്റി.എ അലോട്ട്മെന്റ് ഉണ്ടായിട്ടും യഥാസമയം മാറി നൽകാതെ, താലൂക്കിലെ ജീവനക്കാർ മാത്രം റ്റി.എ മാറിയെടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല.ചിറയിൻകീഴ് താലൂക്ക് ഓഫീസിലെ ജീവനക്കാരുടെ ടൂർ.റ്റി.എ 2053-00-094-99-04-01 എന്ന ശീർഷകത്തിലും താലൂക്കിലെ വില്ലേജ് ജീവനക്കാരുടെ ടൂർ റ്റി.എ 2029-00-101-99-04-01 എന്ന ശീർഷകത്തിലും നിന്നുമാണ് മാറുന്നത്. വില്ലേജ് ജീവനക്കാർക്കുള്ള ടൂർ റ്റി.എ അലോട്ട്മെന്റിൽ നിന്നും താലൂക്ക് ജീവനക്കാർക്ക് റ്റി.എ മാറി നൽകിയിട്ടില്ല. |
| (ബി) മുൻഗണനാക്രമം തെറ്റിച്ച് റ്റി.എ മാറ്റിയെടുക്കുന്നതിന് ഉത്തരവ് നല്കിയിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കുറ്റക്കാരുടെ പേരിൽ നടപടി കൈക്കൊള്ളുമോ; | (ബി) മുൻഗണനാക്രമം തെറ്റിച്ച് റ്റി.എ മാറി എടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വില്ലേജാഫീസ് ജീവനക്കാരുടെ റ്റി.എ മാറി നൽകുന്നതിന് പര്യാപ്തമായ തുക 2029-00-101-99-04-01 എന്ന ശീർഷകത്തിൽ ലഭ്യമല്ലാതിരുന്നതിനാൽ 5/09 മുതൽ 3/10 വരെയുള്ള റ്റി.എ ബില്ലുകൾ യഥാസമയം മാറി നൽകാൻ കഴിഞ്ഞിട്ടില്ല. തുടർന്ന് ടി ശീർഷകത്തിൽ അലോട്ട്മെന്റ് ലഭ്യമായ അവസരത്തിൽ കാലാവധി കഴിഞ്ഞ ബില്ലുകൾ ആയതിനാൽ മാറി നൽകുന്നതിന് സർക്കാരിന്റെ ഭരണാനുമതിയ്ക്കായി സർക്കാരിന് സമർപ്പിക്കുകയും, ന്യൂനതകൾ പരിഹരിച്ച് തരുന്നതിനായി സർക്കാരിൽ നിന്നും നിർദ്ദേശം നൽകുകയും ടി ന്യൂനതകൾ പരിഹരിച്ച് പുനഃസമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആണ്. |

(സി) റ്റി.എ സംബന്ധിച്ച് തിരുവനന്തപുരം കളക്ടറേറ്റ്, റവന്യൂ കമ്മീഷണറേറ്റ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ ഫയൽ ഉണ്ടായിരുന്നിട്ടും ചിറയിൻകീഴ് താലൂക്കിൽ യഥാസമയം നടപടി കൈക്കൊള്ളാത്തത് എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(സി) വില്ലേജ് ജീവനക്കാരുടെ 5/09 മുതൽ 3/10 വരെയുള്ള കാലയളവിലെ റ്റി.എ ബില്ലുകൾ ന്യൂനതകൾ പരിഹരിച്ച് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ടി ബില്ലുകൾ മാറി നൽകുന്നതാണ്. കേരളത്തിൽ ആകെ 1600-ലധികം വില്ലേജ് ഓഫീസുകൾ പ്രവർത്തിയ്ക്കുന്നുണ്ട്.

(ഡി) ഇതിനെ സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ആവശ്യപ്പെട്ട മറുപടികൾ യഥാസമയം താലൂക്കിൽ നിന്നും നൽകാറില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫയലുകൾ വച്ച് താമസിപ്പിക്കുന്ന ജീവനക്കാരുടെ പേരിൽ നടപടി കൈക്കൊള്ളുമോ;

(ഡി) ടി വിഷയത്തിൽ സർക്കാരിൽ നിന്നും 12.5.2014-ൽ ആവശ്യപ്പെട്ട മറുപടി നൽകുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ഇ) റ്റി.എ നൽകുന്നതിന് അലോട്ട്മെന്റ് ഉണ്ടായിരുന്നിട്ടും വില്ലേജ് ജീവനക്കാരുടെ 05/09 മുതൽ 03/11 വരെയുള്ള റ്റി.എ മാറ്റിവച്ച ശേഷം താലൂക്കിലെ ജീവനക്കാരുടെ റ്റി.എ മാറി എടുക്കുവാൻ കാരണം എന്ത്;

(ഇ) വില്ലേജ് ജീവനക്കാരുടെ റ്റി.എ മാറുന്നതിനുള്ള ശീർഷകത്തിൽ പര്യാപ്തമായ അലോട്ട്മെന്റ് യഥാസമയം ഇല്ലാതിരുന്നതുകൊണ്ടാണ് വില്ലേജ് ജീവനക്കാരുടെ 05/09 മുതൽ 03/10 വരെയുള്ള റ്റി.എ മാറി നൽകുന്നതിന് കാലതാമസം നേരിട്ടത്. എന്നാൽ പിന്നീട് ലഭിച്ച അലോട്ട്മെന്റ് പ്രകാരം ടി കാലയളവിലെ ക്ലെയിം മാറി നൽകുന്നതിന് സാദ്ധ്യമല്ലാതിരുന്നതിനാൽ ടി തുക ലാപ്സാകാതിരിക്കുന്നതിനുമാണ് വില്ലേജ് ജീവനക്കാരുടെ 4/10 മുതലുള്ള റ്റി.എ ക്ലെയിമുകൾ മാറി നൽകിയത്. അപ്രകാരം നടപടി സ്വീകരിച്ചില്ലായിരുന്നെങ്കിൽ വില്ലേജ് ശീർഷകത്തിൽ തുടർന്ന് ലഭിക്കുന്ന തുകകൾ ലാപ്സാവുകയും വില്ലേജ് ജീവനക്കാർക്ക് തുടർന്നുള്ള സമയങ്ങളിലും യാതൊരു വിധ റ്റി.എയും ലഭിക്കാതിരിക്കുന്ന സ്ഥിതി ഉണ്ടാകുമായിരുന്നു.

വില്ലേജ് ജീവനക്കാരുടെ ടി.എ ക്ലെയിം മാറ്റി വച്ചതിനു ശേഷം നാളിതുവരെ 2029-00-101-99-04-01 എന്ന ശീർഷകത്തിൽ നിന്നും താലൂക്കാഫീസ് ജീവനക്കാരുടെ റ്റി.എ മാറി നൽകിയിട്ടില്ല.

| | | | |
|---|---|---|---|
| (എഫ്) | 05/09 മുതൽ 3/10 വരെയുള്ള റ്റി.എയിൽ വന്ന പ്രശ്നങ്ങൾ പൂർത്തീകരിക്കുവാൻ ഇത്രയും കാലം താമസിച്ചത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ; | (എഫ്) | 05/09 മുതൽ 3/10 വരെയുള്ള വില്ലേജ് ജീവനക്കാരുടെ ടൂർ റ്റി.എ ക്ലെയിമുകൾ യഥാസമയം ലഭ്യമല്ലാത്തതിനാലാണ് തുക മാറി നൽകാൻ കാലതാമസം നേരിട്ടിട്ടുള്ളത്. ടി ബില്ലുകൾ മാറി നൽകുന്നതിനുള്ള കാലപരിധി കഴിഞ്ഞതിനാൽ സർക്കാർ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ ന്യൂനതകൾ ഉള്ളതിനാൽ ആയത് പരിഹരിച്ച് കിട്ടുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ജി) | അലോട്ട്മെന്റ് ഉണ്ടായിരുന്നിട്ടും വർഷങ്ങളോളം റ്റി.എ നൽകാതെ മാറ്റിവയ്ക്കുന്ന നടപടി കൈക്കൊളളരുതെന്ന് നിർദ്ദേശം നൽകുമോ? | (ജി) | മന:പൂർവ്വം റ്റി.എ ബില്ലുകൾ മാറ്റി വച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Vatsala. S.

സെക്ഷൻ ഓഫീസർ.